# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെണ്മണി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P-5/841/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെണ്മണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-5/841/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 08-09-2021 |
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 17-09-2021 | 25-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 08-09-2021 |
| 17-09-2021 | 25-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ,ഓഡിറ്റ് ഓഫിസർ(31-08-2021 -8-09-2021)
ശ്രീമതി. മായാദേവി.സി.എസ്സ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ(18-09-2021-25-09-2021 വരെ)
ശ്രീമതി. സിന്ധ്യ.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ(31-08-2021-8-09-2021 വരെയും17-09-2021- 25-09-2021 വരെയു
ശ്രീമതി.സുഷ. റ്റി.പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ(31-08-2021-8-09-21 വരെയും17-09-2021- 25-09-2021വരെയും
ശ്രീ.മനേഷ് കുമാർ..ജി. സീനിയർഗ്രേഡ് ഓഡിറ്റർ((31-08-2021-8-09-2021 വരെയും17-09-2021- 25-09-2021 വരെയും)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ലെജുകുമാർ | പ്രസിഡന്റ് | 01-04-2020 | 13-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി (സെക്രട്ടറി,അസിസ്റ്റന്റ് എഞ്ചിനീയർ,കൃഷി ഓഫീസർ) | പ്രസിഡന്റ് | 14-10-2020 | 20-12-2020 |
| ശ്രീമതി സുനിമോൾ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി ഗംഗാലക്ഷ്മി | സെക്രട്ടറി | 01-04-2020 | 22-05-2020 |
| ശ്രീ ദിലീപ്. ബി | സെക്രട്ടറി | 23-05-2020 | 15-07-2020 |
| ശ്രീമതി സ്നേഹജ ഗ്ലോറി | സെക്രട്ടറി | 16-07-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ | കൃഷി ഓഫീസർ | 01-04-2020 | 02-07-2020 |
| ശ്രീമതി.ആര്യനാഥ് | കൃഷി ഓഫീസർ | 03-07-2020 | 15-09-2020 |
| ശ്രീ.ശുഭജിത്ത് | കൃഷി ഓഫീസർ | 16-09-2020 | 31-03-2021 |
| ഡോ.അനു അശോകൻ | എം.ഒ.പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.രാജി.ആർ | എം.ഒ ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.പി.കെ | അസി. സെക്രട്ടറി | 01-04-2020 | 22-05-2020 |
| ശ്രീ.ദിലീപ് .ബി | അസി. സെക്രട്ടറി | 23-05-2020 | 31-03-2021 |
| ശ്രീ.പ്രവീൺ റ്റി.ഡി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനിമോൾ.എം.എസ്സ് | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റജിമോൾ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.പി.കെ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.പ്രീത നായർ | എം.ഒ.ഹോമിയോ(ഫുൾ അഡീഷണൽ ചാർജ്ജ്) | 01-04-2020 | 01-06-2020 |
| ഡോ.ശ്രീലക്ഷ്മി.എസ്സ് | എം.ഒ.ഹോമിയോ(ഫുൾഅഡീഷണൽ ചാർജ്ജ്) | 07-01-2020 | 23-01-2021 |
| ഡോ.അമ്പിളി.കെ നായർ | എം.ഒ. ഹോമിയോ | 24-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 28-09-2021) | 1-2 |
| 3 | വാർഷിക കണക്കുകളുടെപരോധന<br>Written By: Maneshkumar G (Senior Grade Auditor, On 27-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 28-09-2021) | 1-2(1) |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-10 |
| 12 | വസ്തുനികുതി- വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 28-09-2021) | 1-11 |
| 13 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഗ്രാമ പഞ്ചായത്തിൽ മുതൽകൂട്ടുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-12 |
| 14 | തനതുഫണ്ട് അക്കൗണ്ടിലേക്ക് ഇ-ടെണ്ടർ ഫീസ് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-13 |
| 15 | കരാർ കാലാവധിയ്ക്ക ശേഷം പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് നിയമാനുസൃത പിഴ തുക ഈടാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 26-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 28-09-2021) | 1-14 |
| 16 | അംഗൻവാടിക്ക് വേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലം പോക്ക് വരവ് നടത്തിയിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-15 |
| 17 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 28-09-2021) | 1-16 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് .<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-17 |
| 19 | ബി. പി .എൽ . കുടുംബത്തിന് സെപ്റ്റിക് ടാങ്ക് - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-18 |
| 20 | സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 24-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-19 |
| 21 | കന്നു കുട്ടിപരിപാലനം , പദ്ധതിയുടെ പുരോഗതി അറിയിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 24-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-20 |

| | | |
|---|---|---|
| 22 | റ്റി .ഡി . എസ് . ഇനത്തിൽ പിടിച്ച തുക അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Sindhya.P (Asst. Audit Officer, On 28-09-2021) | 1-21 |
| 23 | ODF പദ്ധതി - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-22 |
| 24 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് -ഉപയോഗത്തിലില്ലാത്ത വിളക്കുകളും ഡിമാന്റിൽ ഉൾപ്പെടുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-23 |
| 25 | ജെം വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-24 |
| 26 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-25 |
| 27 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-26 |
| 28 | ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-27 |
| 29 | അഗതി രഹിത കേരളം പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-28 |
| 30 | ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 27-09-2021) | 1-29 |
| 31 | ലൈബ്രറി സെസ്സ്-പഞ്ചായത്തിന് വലിയ ബാധ്യത<br>Written By: Susha.T.Pillai (Asst. Audit Officer, On 27-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-30 |
| 32 | ലൈഫ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-31 |
| 33 | വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ-അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-32 |
| 34 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 25-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-33 |
| 35 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 26-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 27-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 22-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 22-09-2021)<br>Last Updated By: Sindhya.P (Asst. Audit Officer, On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 20-09-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 28-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

ഭാഗം -1

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26-03-2020 ലെ കമ്മറ്റി തീരുമാനം നം.1പ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 132870997 | 105449500 |
| (ആർ.പി.സ്റ്റേറ്റ്മെന്റ് പ്രകാരം) | 79118183 | 74041941 |

1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രികലഭിച്ച തീയതി |
|---|---|
| 31.7.2021 | 28.7.2021 |

1-2(1) വാർഷിക കണക്കുകളുടെപരോധന

1) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ ആകെ തുക ബി-7 ഷെഡ്യൂൾ പ്രകാരം 330077/- രൂപയാണ്. എന്നാൽ ഇതിനാധാരമായ കണക്കുകൾ സൂക്ഷിക്കുന്ന രജിസ്റ്ററിൽ തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ധനകാര്യ പത്രികയിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

2)ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം വസ്തുനികുതി(റസിഡൻഷ്യൽ) ഡിമാന്റ് പ്രകാരമുള്ള ആകെതുക- - 2321096 രൂപയും ആർ.പി-43 പ്രകാരം വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക 2225407രൂപയുമാണ്.അഡ്വാൻസ് വരവ് RP-36-ൽ-1820രൂപയും ആകയാൽ യഥാർത്ഥ ബാലൻസ് തുക 95689 രൂപയ്ക്ക് പകരം 86571രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാലൻസ് തുക രേഖപ്പെടുത്തിയതിൽ 7298 രൂപയുടെ വ്യത്യാസം കാണുന്നു.വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

3)ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-1 പ്രകാരം വസ്തു നികുതി (നോൺ റസിഡൻഷ്യൽ)ഇനത്തിലെ ഡിമാന്റ് തുക 729504 രൂപയും ആർ.പി-43 പ്രകാരം ലഭിച്ച തുക 649763 രൂപയും ബി-15 പ്രകാരം ബാലൻസ് തുക102540 രൂപയുമാണ്.ബാലൻസായി ലഭിക്കാനുള്ള നികുതി തുക 79741 രൂപ മാത്രമാണ്. എന്നാൽ 22799 രൂപ അധിക മായി ലഭിക്കാനുണ്ട് എന്ന് B-15 പ്രകാരം കാണിക്കുന്നു. തുകകളിലെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

4)വാടക ഇനത്തിലെ ഡിമാന്റ് തുക (ബിൽഡിംഗ്സ്) ഷെഡ്യൂൾ I-1 പ്രകാരം 92808 ആർ.പി-43 പ്രകാരം ലഭിച്ച തുക 23652 രൂപയുമാണ്.ബാലൻസ് തുക (B-15) - 63587.ബാലൻസ് തുക യഥാർത്ഥത്തിൽ കിട്ടാനുള്ള തുകയേക്കാൾ 5569 രൂപ കുറവായിട്ടാണ് കുടിശ്ശിക കാണിച്ചിട്ടുള്ളത്. കുടിശ്ശിക തുകയിലെ കുറവ് കൃത്യമാക്കി പരിഹരിക്കേണ്ടതാണ്.

5)തൊഴിൽ നികുതി (എംപ്ലോയീസ്) ഇനത്തിലെ ഡിമാന്റ് തുക 829850 രൂപയും ആർ.പി.1 പ്രകാരം ലഭിച്ച തുക

814750 രൂപയുമാണ്.ബി-15 പ്രകാരം ബാലൻസ് തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

രജിസ്റ്റർ പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് -- 816310

കളക്ഷൻ -- 809000

ബാലൻസ് --- 7310

അക്കൌണ്ട്സും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകൾ കൃത്യമാക്കേണ്ടതാണ്.

6) വാർഷിക കണക്ക് ബി-4ഷെഡ്യൂൾ പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ തനതു ഫണ്ടിലെ നീക്കിയിരിപ്പ് 6579546 /- രൂപയാണ് .എന്നാൽ ബി-17ഷെഡ്യൂൾ , പാസ്സ് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 2155346/- രൂപയും .വ്യത്യാസം 4424200/- രൂപ . വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല
7)2019-20 ,2020-21 ബി-4ഷെഡ്യൂൾ പ്രകാരം പൈക്കായുടെ 340000/- രൂപയുടെ നിക്ഷേപം നിലനിൽക്കുന്നു .ഇത് ഏത് വർഷം ലഭിച്ചതാണെന്നും വിനിയോഗിക്കാതിരുന്നതിനുള്ള കാരണവും വിശദീകരിക്കപ്പെട്ടില്ല.
8) 2020-21 ൽ അസി .സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നിക്ഷേപ പ്രവൃത്തിയ്ക്കായി കെഎസ്.ഇ.ബി യിൽ നിക്ഷേപിച്ച 397222/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് 24.09.2021 നാണ് .2020-21ൽ ചെലവഴിക്കപ്പെടാഞ്ഞ ഈ തുക 2020-21 വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല
(ക്രമ നമ്പർ 6,7,8 എന്നിവയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.14/20-21/23.09.21 ) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല )
9) തൻവർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലുള്ള വരവ് 17810013/- രൂപയും ചെലവ് 18363613 /-രൂപയുമാണ്. നീക്കിയിരിപ്പ് (-) 553600/- രൂപ. തൻ വർഷം ലഭിച്ച എല്ലാ

അലോട്ട്മെന്റുകളും എ.സി.ആർ -ൽ (സാംഖ്യ വെബ്) ഉൾപ്പെടുത്താത്തതിനാൽ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസായാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കപ്പെടുന്നത് .

10)തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഗ്രാന്റുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-4 ഷെഡ്യൂൾ പ്രാകരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.
മേൽ പരാമർശിച്ച പ്രകാരമുള്ള വസ്തുതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2613382 |
| വരവ് | 79118183 |
| ആകെ | 81731565 |
| ചെലവ് | 74041941 |
| നീക്കിയിരിപ്പ് | 7689624 |

1-4 ഗ്രാന്റ് വിനിയോഗം

**( 2020-21 എ.സി.ആർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17004993 | 17004993 | 17004993 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9856434 | 9856434 | 9856434 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8235636 | 8235636 | 8235636 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3440247 | 3440247 | 3440247 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7887145 | 7887145 | 7887145 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 914115 | 914115 | 914115 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 222 | 4227407 | 147 | 2496505 | 3 | 72 | 66.2 |

1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2020-21

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 138754 | 1201940 | 1340694 | 1334570 | 6124 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 33772000 | 33772000 | 33772000 | |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5160 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 4104900 | 83 |
| വിധവാപെൻഷൻ | 12764500 | 890 |
| വാർദ്ധക്യകാലപെൻഷൻ | 29729000 | 2326 |
| വികലാംഗപെൻഷൻ | 4298300 | 287 |
| അവിവാഹിത പെൻഷൻ | 696100 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം സ്ഥാപനത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന, 18-09-2021 ൽ 4.00 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4206/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-07-2021 | 1/21-03-2021 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-03-2016 | 2013-14 | 31-03-2016 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനുമുള്ള ചുമതലകൾ നിക്ഷിപ്തമായിട്ടുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം നടത്തിയിരുന്നില്ല. ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, ടെന്റർ ഫോം സ്റ്റോക്ക്-വിതരണ രജിസ്റ്ററുകൾ, വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ രജിസ്റ്ററിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയതും പുതിയതുമായ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. . ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 വസ്തുനികുതി- വാണിജ്യാവശ്യത്തിനുളള കെട്ടിടങ്ങളെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ തസ്വഭവയിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/- രൂപയുമാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടത്തെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി (വർദ്ധനവുകൾ ഉൾപ്പടെ) @50/M2 | ചുമത്തേണ്ട വസ്തുനികുതി @70/M2 | കുറവ് |
|---|---|---|---|---|---|
| ജിക്കിതോമസ് കൊല്ലന്റെ വടക്കേതിൽ പെണ്ണുക്കര.പി.ഒ ചെങ്ങന്നൂർ | 14/364/A | 32.13 | 1928 | ആകെ തറ വിസ്തീർണ്ണം-441.87 ( ഹാജരാക്കിയ കപ്ലീഷൻ പ്ലാൻ പ്രകാരം) | വസ്തു നികുതിവർദ്ധനവ് 20% -വഴി സൗകര്യം ഉൾപ്പടെ)13,133 |
| | 14/364/B | 37.06 | 2224 | | |
| | 14/364/C | 38.93 | 2336 | അടിസ്ഥാന വസ്തുനികുതി-30931 | |
| | 14/364/D | 76.33 | 4580 | | |
| | 14/364/E | 71.66 | 4300 | വർദ്ധനവ് 20% -വഴി സൗകര്യം-6186 | |
| | 14/364/F | 36.55 | 2193 | | |
| | 14/364/G | 36.55 | 2190 | | |
| | 14/364/H | 36.14 | 2169 | | |
| | 14/364/I | 34.39 | 2064 | | |
| **ആകെ** | | **399.74** | **23984** | **37117** | **13133** |

കെട്ടിടങ്ങളെ വിഭജിച്ച് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ ഭാഗമായ സ്റ്റെയർ റൂം,ടോയ്‌ ലെറ്റുകൾ എന്നിവ ഒഴിവാക്കി നികുതി അസസ് ചെയ്തിട്ടുള്ളതിനാൽ കെട്ടിടത്തിന്റെ മൊത്തവിസ്തീർണ്ണത്തിൽ നിന്നും 42.13 ച.മീറ്റർ ഒഴിവാക്കപ്പെട്ടു. ഇപ്രകാരം നികുതി കണക്കാക്കുക വഴി നികുതി ഇനത്തിൽ ലഭിക്കേണ്ട തുകയിൽ 13,133 രൂപയുടെ കുറവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം നടത്തി ഉത്തരവാദിയായ വ്യക്തികളിൽ നിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം അടിയന്തിരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഗ്രാമ പഞ്ചായത്തിൽ മുതൽകൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ എന്നിവ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് മുതൽക്കൂട്ടാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധന പ്രകാരമുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് നാളിതുവരെ മുതൽകൂട്ടിയിട്ടില്ലെന്നു_കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഇ.എം.ഡി**

| തീയതി | രസീത് നമ്പർ/ വൌച്ചർ നമ്പർ | ഡെപ്പോസിറ്ററുടെ പേര് | തുക |
|---|---|---|---|
| 20.03.14 | 11301103590 | മനോജ് | 5100 |
| 20.03.14 | 11301103589 | സുനിൽ കുമാർ | 5100 |
| | 11301103568 | അജിത് അരവിന്ദ് | 5100 |
| 20.03.14 | ലഭ്യമല്ല | ഫ്യൂച്ചർ മോട്ടോഴ്സ്,കൊച്ചി | 2375 |
| 20.03.14 | ” | കടവിൽ ഇൻഫോ ടെക് | 2500 |
| 21.01.17 | 11606102770 | ജസ്റ്റ് ബൈ സൈക്കിൾ | 5000 |
| 21.07.17 | 11606102771 | ഗോപാലകൃഷ്ണൻ നായർ | 5000 |
| 23.02.17 | 11606102993 | കൃഷ്ണ | 1000 |
| 30.03.17 | 11606103398 | ജസ്റ്റ് ബൈ സൈക്കിൾ | 7000 |
| 31.03.17 | 11606103422 | റോസ് ഫാമിലി ട്രേഡേഴ്സ് | 382 |
| 17.04.17 | 117060100074 | തമ്പുരാൻ കാലായിൽ,കോഴഞ്ചേരി | 3000 |
| 17.04.17 | 117060100075 | തമ്പുരാൻ കാലായിൽ,കോഴഞ്ചേരി | 1000 |
| 03.01.18 | 117060103778 | ശബരി സ്റ്റീൽ ഫർണ്ണിച്ചർ | 500 |
| 03.01.18 | 117060103779 | ശബരി സ്റ്റീൽ ഫർണ്ണിച്ചർ | 600 |
| 03.01.18 | 117060103780 | ശബരി സ്റ്റീൽ ഫർണ്ണിച്ചർ | 500 |
| 03.01.18 | 117060103781 | ഗ്രേറ്റ് ഇൻഡ്യ ട്രേഡിംഗ് കമ്പനി | 500 |
| 03.01.18 | 117060103782 | ഗ്രേറ്റ് ഇൻഡ്യ ട്രേഡിംഗ് കമ്പനി | 500 |
| 09.01.18 | 117060104026 | തമ്പുരാൻ കാലായിൽ,കോഴഞ്ചേരി | 1800 |
| 09.01.18 | 11706010404 | റോട്ടോവെൽ ഇൻഡസ്ട്രീസ്, കൊല്ലകടവ് | 1840 |

**കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്**

| | | | |
|---|---|---|---|
| 28.03.13 | 11202100112 | കെ.എം.അസോസിയേറ്റ്സ് | 9295 |
| 10.12.13 | 11202102343 | കെ.എം.അസോസിയേറ്റ്സ് | 4240 |
| 10.12.13 | 11202102343 | കെ.എം.അസോസിയേറ്റ്സ് | 7500 |
| 08.03.15 | 11401400005 | ഫ്യൂച്ചർ ഓട്ടോമേഷൻ | 2375 |
| 09.07.18 | 11401400005 | മാത്യു ജോർജ്ജ് | 3000 |

**സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്**

| | | | |
|---|---|---|---|
| 05.03.15 | 1140140004 | ജി.ഇ. സർവ്വീസ് | 2500 |

| | | | |
|---|---|---|---|
| 28.03.17 | 11606103350 | വി.ആർ.രാമകൃഷ്ണൻ | 7000 |
| 18.07.17 | 11706080001 | വിജയ് ഏജൻസീസ്,കൊല്ലം | 2300 |
| 18.07.17 | 11706080002 | വിജയ് ഏജൻസീസ്,കൊല്ലം | 12300 |
| 17.02.18 | 11706014717 | ശബരി സ്റ്റീൽ ഫർണ്ണിച്ചർ | 2000 |
| 17.02.18 | 11706014718 | ഗ്രേറ്റ് ഇൻഡ്യ ട്രേഡിംഗ് കമ്പനി | 1000 |
| 31.03.18 | 117060105611 | എസ്.എം ടെലി ലിങ്ക് | 7200 |
| 04.07.18 | 117060101063 | ഓമന. എൽ | 2500 |
| 10.08.18 | 11706010422 | ഓമന. എൽ | 10000 |

<u>ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്</u>

| | | | |
|---|---|---|---|
| 10.06.15 | 11561101451 | ദേവസഹായം, വെൺമണി. | 200 |
| 29.01.16 | 11501103392 | പി.ജി. വിശ്വനാഥൻ നായർ | 6250 |
| 09.03.17 | 11606103120 | കൃഷ്ണ മോട്ടോർ ഡ്രൈവിങ്ങ് സ്കൂൾ | 2850 |
| 11.09.18 | 118060101513 | മാത്യു ജോർജ്ജ് | 27000 |

ആകയാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള സെക്യൂരിറ്റി തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-13 തനതുഫണ്ട് അക്കൗണ്ടിലേക്ക് ഇ-ടെണ്ടർ ഫീസ് ട്രാൻസ്ഫർ ചെയ്തിട്ടില്ല</u>

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20,2020-21 വർഷങ്ങളിലായി ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ 18140/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ബിഡുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ |
|---|---|---|---|---|
| 1 | വഴണവിഴത്തിൽപ്പടി- തെങ്ങുംതറ റോഡ് | 3 | 1790 | 5370 |
| 2 | മിൽമ മൈതാനം റോഡ് | 1 | 2500 | 2500 |
| 3 | മുളമുക്ക്-പടിഞ്ഞാറെതുരുത്ത് റോഡ് മെയിന്റനൻസ് | 1 | 1250 | 1250 |
| 4 | മരുന്നൂർ പടി- താഴത്തമ്പലം റോഡ് റിടാറിംഗും ഓട നിർമ്മാണവും | 1 | 1790 | 1790 |
| 5 | കുറ്റിമുക്ക്-കോട്ടവാതുക്കൽ പടി റോഡ് മെയിൻറനൻസ് | 2 | 2500 | 5000 |
| | കരയോഗ മന്ദിരം- ഐരാണിക്കുടി കടവ് റോഡ് റി-മെറ്റൽ വിത്ത് ടാറിംഗ് | 1 | 1070 | 1070 |
| | താഴത്തമ്പലം-തയ്യിലേത്ത് റോഡ്-ഓട നിർമ്മാണവും ടാറിംഗും | 1 | 1160 | 1160 |
| | ആകെ | | | 18140/- |

മുൻ വർഷങ്ങളിലേതുൾപ്പടെ നിലവിൽ 45,340/--രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ട്. തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-14 കരാർ കാലാവധിയ്ക്ക ശേഷം പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് നിയമാനുസൃത പിഴ തുക ഈടാക്കിയില്ല</u>

പൊതുമരാമത്ത് മാനുവൽ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ

മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കുന്ന പക്ഷം പിഴ ഈടാക്കി ദീർഘിപ്പിക്കാം. ആദ്യ തവണ പി എ സിയുടെ 1% വും രണ്ടാമത്തെ തവണ പി എ സിയുടെ 2% വും ഈടാക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ വർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകിയതായോ, കമ്മറ്റി തീരുമാനം മുഖേന പ്രസ്തുത പ്രവൃത്തി പിഴയിൽ നിന്ന് ഒഴിവാക്കിയതായോ കാണുന്നില്ല. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര്/ കരാർ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം. ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| പഞ്ചായത്ത് പബ്ലിക് ലൈബ്രറി ടോയിലറ്റ് നിർമ്മാണം<br>പ്രോജക്ട് നം. S0245/21<br>കരാറുകാരൻ: സുനിൽകുമാർ. എസ്<br>പി എ സി: 35000<br>പൂർത്തീകരണ കാലാവധി: 2 മാസം<br>എം ബുക്ക് നം.: 245/21<br>സൈറ്റ് കൈമാറിയ തീയതി: 23.3.2020<br>തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ: 32589(ബിൽ നം.80/31.3.2021)<br>എഗ്രിമെന്റ് നം. A-51/AE/LSGD/Vmy2019-20/23.3.2020 | 23.5.2020 | 15.2.2021 | ആദ്യ തവണ: പി എ സിയുടെ 1%-350<br>രണ്ടാമത്തെ തവണ: പി എ സിയുടെ 2%-700<br>ആകെ -1050 |

ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/25.8.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1050 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 അംഗൻവാടിക്ക് വേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലം പോക്ക് വരവ് നടത്തിയിട്ടില്ല

പ്രോജക്ട് നം - 290/21/154ാം നമ്പർ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ

നിർവഹണം - സെക്രട്ടറി

154ാം നമ്പർ അംഗൻവാടിക്ക് ട്രഷറി ബിൽ നമ്പർ 27/20-21/31-12-20 പ്രകാരം 130000 രൂപ ചെലവഴിച്ച് 03 സെന്റ് സ്ഥലം ഈ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട് . ടി വസ്തു പോക്ക് വരവ് നടത്തി പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം അടച്ചിട്ടില്ല . ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/23-09-21 ന് നൽകിയ വിശദീകരണത്തിൽ പഞ്ചായത്തിന്റെ പേരിൽ ചേർക്കാനായി വില്ലേജ് ഓഫീസിൽ അപേക്ഷ നല്കിയിട്ടുള്ളതാണെന്നും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . വസ്തു പോക്ക് വരവ് നടത്തി പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ഭൂമിയുടെ വിവരങ്ങൾ ചേർക്കേണ്ടതാണ് .

1-16 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ

പ്രോജക്ട് നം - 117/21

തെരുവ് വിളക്കിന് എൽ . ഇ .ഡി . സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം എൽ.ഇ.ഡി ലാമ്പുകളും അനുബന്ധസാമഗ്രികളും വാങ്ങി തെരുവ് വിളക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട് . യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് , കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് . വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ഇൻവോയിസ് നമ്പർ | വാങ്ങിയ സാധനം |
|---|---|
| 278/28-08-20 | 15 W Led Bulb - 760 Nos<br>Metal Shade - 750 Nos<br>1.5 Sqm.M. Aluminium Wire - 15 |
| 268/27-08-20 | 15 W Led Bulb - 365 Nos<br>Metal Shade - 375 Nos<br>Pendent Holder - 1125<br>Insulation Tape - 75 |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ 1125 എൽ.ഇ.ഡി ബൾബ് വാങ്ങിയതിൽ 706 എണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത് .ആകെ വാങ്ങിയ1125 എണ്ണം മെറ്റൽ ഷേഡിൽ 840 എണ്ണം വിതരണം ചെയ്തിട്ടുണ്ട് . 425 പെൻഡെന്റ് ഹോൾഡർ വിതരണം ചെയ്തിട്ടുണ്ട് . 40 എണ്ണം ഇൻസുലേഷൻ ടേപ്പും വിതരണം ചെയ്തിട്ടുണ്ട് . അലുമിനിയം വയർ വിതരണം ചെയ്തതായും കാണുന്നില്ല . സ്റ്റോക്കിൽ ഈ വിവരങ്ങൾ ചേർത്തിരിക്കുന്നത് 04-08-2020 ൽ മാത്രമാണ് .

യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് , കൊല്ലം എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം . 759/03-02-21 പ്രകാരം വാങ്ങിയിട്ടുള്ള എൽ . ഇ . ഡി . ലാമ്പുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിവരം ചുവടെ ചേർക്കുന്നു .

15 W Led Bulb – 1500 Nos

Metal Shade – 1500 Nos

Pendent Holder - 1500

Insulation Tape - 150

1.5 Sq ,M.M. Aluminium Wire – 30

സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിരിക്കുന്നത് 02-02-21 ലാണ് . എൽ.ഇ.ഡി ബൾബ് 1400 എണ്ണവും ,അലൂമിനിയം വയർ 26 എണ്ണവും , ഇൻസുലേഷൻ ടേപ്പ് 130 എണ്ണവും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് .

.വിതരണം ചെയ്തതിന്റെ വിവരങ്ങൾ ,നീക്കിബാക്കി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ കാണിക്കുന്നില്ല . മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 755 എൽ.ഇ.ഡി ബൾബുകൾ 20-21 വർഷം സ്ഥാപിച്ചതായി കാണുന്നു . ഇത് ആദ്യ തവണ ( ഇൻവോയിസ് നമ്പർ 278/28-08-20 ) പ്രകാരം വാങ്ങിയിട്ടുള്ള എൽ .ഇ . ഡി . ബൾബുകളാണ് . രണ്ടാമത് വാങ്ങിയ ( ഇൻവോയിസ് നം . 759/03-02-21 ) 1500 എണ്ണം എൽ .ഇ . ഡി . ബൾബുകളിൽ 1400 എണ്ണം വിതരണം ചെയ്തതായി സ്റ്റോക്കിൽ കാണിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിനിയോഗം 21-22 വർഷത്തിലാണ് നടന്നിട്ടുള്ളത് . തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്ന കരാറുകാരനെ കൊണ്ടാണ് എൽ .ഇ .ഡി ബൾബുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചിട്ടുള്ളത് . ഓഡിറ്റ് എൻക്വയറി നം 11/23-09-21 ന് നല്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിലെ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . വിതരണം ചെയ്യാതെ ശേഷിക്കുന്ന സാധനങ്ങൾ സംബന്ധിച്ച് വ്യക്തമായ ഒരു മറുപടി ലഭ്യമാക്കിയിട്ടില്ല . ഇതിൽ നിന്നും യഥാർത്ഥ ആവശ്യകത ഉറപ്പാക്കാതെ സാധനങ്ങൾ വാങ്ങുന്നതായി കാണുന്നു . തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല .തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതുമായി ബന്ധപ്പെട്ട് കെ .എസ് . ഇ.ബി യിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല . തെരുവ് വിളക്കുകളുടെ എണ്ണം , ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലിമാക്കി സൂക്ഷിക്കുന്നില്ല . നിലവിലെ സാധാരണ വിളക്കുകൾ മാറ്റി ധാരാളം എൽ .ഇ . ഡി . ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതനുസരിച്ച് വൈദ്യുതി ചാർജ്ജിൽ കുറവ് വന്നിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ സുതാര്യത കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതും അധികച്ചെലവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ് .

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് .

പ്രോജക്റ്റ് നം -102/21
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണം -വി . ഇ . ഒ .

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ , ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും പ്രവർത്തി പൂർത്തീകരിച്ചതായി കാണുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ട്രഷറി ബിൽ നം , തുക | ഗുണഭോക്താവ് അഡ്വാൻസായി കൈപ്പറ്റിയ തുക | ഗുണഭോക്താവിന്റെ വിശദാംശം |
|---|---|---|
| 21/20-21/ 10-02-21, 100000 | 50000 | സുജമോൾ കെ . എ . , മുളനിൽക്കുന്നതിൽ , വാർഡ് -2 |
| | 50000 | ഹരിക്കുട്ടൻ , ഹരിഭവനം , വാർഡ് - 12 |
| 23/20-21/03-03-21 , 100000 | 50000 | സുനിൽ കുമാർ ലക്ഷം വീട് കോളനി , വാർഡ് -4 |
| | 50000 | അമ്പിളി , തിരുവമ്പാടി , വാർഡ് - 6 |
| 27/20-21/08-03-21 , 100000 | 50000 | പി. മധു , മന്നത്ത് തറയിൽ വാർഡ് -5 |
| | 50000 | ഷൈനി . പി .കെ കുന്നത്തേത്ത് തെക്കേതിൽ , വാർഡ് - 6 |
| 31 / 20- 21 /27 – 03 – 21 , 100000 | 50000 | ഷൈലജ . റ്റി .കെ , മലയുടെ തെക്കേതിൽ , വാർഡ് - 8 |
| | 50000 | സുധാകരൻ മണ്ണാടി തെക്കേതിൽ , വാർഡ് - 2 |
| 38/20-21/29-03-21 , 100000 | 50000 | ശുഭ , കിഴക്കേ തുരുത്തി തെക്കേവീട് , വാർഡ് - 13 |
| | 50000 | മനോജ് പി . ആർ . , പരപട്ടിൽ , വാർഡ് - 1 |

മേൽ ഗുണഭോക്താക്കൾ നിലവിൽ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം - 12 ന് വി . ഇ . ഒ . നല്കിയ മറുപടിയിൽ ടി പ്രോജക്റ്റ് 2021-22 ൽ സ്പിൽ ഓവറായി നടത്തുന്നുണ്ടെന്ന് അറിയിച്ചു . ടി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയത് സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 500000/- രൂപ താല്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു .

## 1-18 ബി. പി .എൽ . കുടുംബത്തിന് സെപ്റ്റിക് ടാങ്ക് - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നം -264/21
ബി . പി .എൽ . കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക്
നിർവഹണം -വി . ഇ . ഒ .

ബി . പി .എൽ . കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് എന്ന പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം 15000 രൂപ പിൻവലിച്ച് അഡ്വാൻസ് നല്കിയിട്ടുണ്ട്(ചെക്ക് നം . 016331/25-08-20 ) . ഈ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല . ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 ) ശ്യാമലത .എൽ.അർജ്ജുൻ വില്ല , വാർഡ് - 9

2 ) സാറാമ്മ ജേക്കബ് , പുത്തൻതറയിൽ വാർഡ് - 12

3 ) അംബിക എം , അരുൺ നിവാസ് , വാർഡ് - 14

പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 12 തീയതി) വി . ഇ . ഒ . നല്കിയ മറുപടിയിൽ, ടി പ്രോജക്ട് 2021-22 ൽ സ്പിൽ ഓവറായി നടത്തുന്നുണ്ടെന്ന് അറിയിച്ചു . ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. . ചെലവ് തുക 15000 രൂപ താല്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു .

**1-19 സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല**

പ്രോജക്ട് നം. 127 - അനുപൂരക പോഷകാഹാര പരിപാടി
അടങ്കൽ .1275000 (വിഫ.ജനറൽ)
400000 (കേന്ദ്ര ഫണ്ട് )
100000 (ജില്ലാ വിഹിതം)

ചെലവ് . 1275000 (വിഫ.ജനറൽ)
321050 (കേന്ദ്ര ഫണ്ട് )
100000 (ജില്ലാ വിഹിതം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയുടെ ഭാഗമായി മാന്നാർ മേൽ പാടം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ചുവടെ ചേർക്കുന്ന ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല .

| സ്ഥാപന ബിൽ നം/ തീയതി/തുക | ഇനം | അളവ് | നിരക്ക് | വില | ട്രഷറി ബിൽ നം/ തീയതി/ തുക |
|---|---|---|---|---|---|
| 4/21.04.2020/ 251339/-രൂപ | നുറുക്ക് ഗോതമ്പ് | 2500 കിലോ ഗ്രാം | 53 | 132500 | 01/20-21/ 04.06.20/ 585498/- രൂപ |
| | ശർക്കര | 600 കിലോ ഗ്രാം | 75 | 45000 | |
| | ചെറുപയർ | 350കിലോ ഗ്രാം | 120 | 42000 | |
| | ഉഴുന്ന് | 108കിലോ ഗ്രാം | 150 | 16200 | |
| | വെളിച്ചെണ്ണ | 80 ലിറ്റർ | - | 15639 | |

മേൽ പട്ടിക പ്രകാരമുള്ള വസ്തുക്കൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/20-21/07.09.21) മറുപടിയായി കോവിഡ് സാഹചര്യം മൂലം സ്റ്റോക്ക് രജിസ്റ്ററിൽ ഭക്ഷ്യ സാധനങ്ങൾ ചേർക്കുവാൻ വിട്ടുപോയെങ്കിലും ട്രാസ്പോർട്ടേഷൻ ചാർജ്ജ് നല്കുവാനുള്ള ലിസ്റ്റിൽ അങ്കണവാടി പ്രവർത്തകർ ഒപ്പിട്ടു നല്കിയിട്ടുള്ളതായി അറിയിക്കുകയും പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തു.

പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ ഭക്ഷ്യ സാധനങ്ങൾ അങ്കണവാടികൾക്ക് വിതരണം ചെയ്തത് ക്രമപ്രകരമല്ല. ഇത് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

**1-20 കന്നു കുട്ടിപരിപാലനം , പദ്ധതിയുടെ പുരോഗതി അറിയിച്ചിട്ടില്ല**

പ്രോജക്ട് നം/പേര്.119/20-21 ,കന്നു കുട്ടിപരിപാലനം

അടങ്കൽ 400000 (വി.ഫ.ജനറൽ)
400000(ഗുണ .വിഹിതം)
ചെലവ് 400000(വി.ഫ.ജനറൽ)
ബിൽ നം .5/20-21/09.03.21

32 ഗുണഭോക്താക്കൾക്ക് 12500/- വീതം ആകെ 400000/-രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് കന്നുകുട്ടി പരിപാലന പദ്ധതി നടത്തുന്നതിലേക്കായി നല്കിയിട്ടുണ്ട് .എന്നാൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല .

പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 3/20-21/01.09.21 ന് മറുപടി ലഭ്യമാക്കിയില്ല .പദ്ധതിയുടെ പുരോഗതി , പൂർത്തീകരണ വിവരം എന്നിവ അറിയിക്കേണ്ടതാണ് . വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

**1-21 റ്റി .ഡി . എസ് . ഇനത്തിൽ പിടിച്ച തുക അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

പ്രോജക്ട് നം - 323/21

വരൾച്ച ദുരിതാശ്വാസ പ്രവർത്തനം - കുടിവെള്ള വിതരണം

നിർവഹണം - സെക്രട്ടറി

കുടിവെള്ള വിതരണത്തിനായി തൻവർഷം ചെലവഴിച്ച 2,82,642 രൂപയുടെവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ട്രഷറി ബിൽ നം | തുക | ചെലവിന്റെ വിശദാംശം |
|---|---|---|
| 38/20-21/05-03-21 | 78040 | കുടിവെള്ളം വിതരണം ചെയ്തതിന് കോൺട്രാക്ടർക്ക് നല്കിയ തുക |
| 37/20-21/05-03-21 | 200000 | കുടിവെള്ളം വിതരണം ചെയ്തതിന് കോൺട്രാക്ടർക്ക് നല്കിയ തുക |
| 53/20-21/30-03-21 | 4602 | നെസ്റ്റ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് നല്കിയത് |

കരാറുകാരന് നല്കിയ തുകയിൽ നിന്ന് 1% TDS തുക 2780/- രൂപ ബില്ലിൽ കറവ് ചെയ്തെങ്കിലും ആയത് അടച്ചതായി കാണുന്നില്ല . ആയത് അടച്ചിട്ടുണ്ടെങ്കിൽ ചെല്ലാൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 11/23-09-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ടി തുക അടച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട് . എന്നാൽ തുകയുടെ അടവ് സംബന്ധിച്ച ചെല്ലാൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . തുകയുടെ അടവ് സംബന്ധിച്ച വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-22 ODF പദ്ധതി - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം - 315/21
ODF പദ്ധതി ജനറൽ
നിർവഹണം -വി . ഇ . ഒ .

മേൽ പ്രോജക്ട് പ്രകാരം 18 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിൽ, 16 ഗുണഭോക്താക്കളും പ്രവർത്തി പൂർത്തീകരിക്കാത്തതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ചെക്ക് നം , തുക | ഗുണഭോക്താവ് അഡ്വാൻസായി കൈപ്പറ്റിയ തുക | ഗുണഭോക്താവിന്റെ വിശദാംശം |
|---|---|---|
| 16337/08-02-21 , 180000 | 12000 | സാവിത്രി , വടക്ക് നിക്കുന്നതിൽ , വാർഡ് - 1 |
| | 12000 | അജിത ബിനു , പള്ളിപ്പുറത്ത് പടിഞ്ഞാറ്റേതിൽ , വാർഡ് - 6 |
| | 12000 | രഞ്ചിനി അരുൺകുമാർ , നന്ദനം , വാർഡ് - 9 |
| | 12000 | മണിയമ്മ എസ് . ശിവൻ , കല്ലിടാം കുഴിയിൽ , വാർഡ് - 4 |
| | 12000 | രേണുക ദാസ് , പൂവണ്ണ് നിൽക്കുന്നതിൽ വാർഡ് - 4 |
| | 12000 | വിജയകുമാർ . റ്റി . വി , തെങ്ങുംമൂട്ടിൽ , വാർഡ് - 13 |
| | 12000 | ഷാഹിദ , കൊച്ച് പുരയിൽ അക്ബർ ഭവനം , വാർഡ് - 8 |
| | 12000 | ശ്രീകുമാർ വികെ , വളയത്തിൽ , വാർഡ് - 14 |
| | 12000 | അനിമോൾ , തോണിപ്പാറയിൽ , വാർഡ് - 13 |
| | 12000 | രുഗ്മിണി മുരളി , കുറ്റിയിൽ കിഴക്കേതിൽ , വാർഡ് - 12 |
| | 12000 | വിജയമ്മ , പൊയ്കമേലേതിൽ ദിവ്യാഭവനം വാർഡ് - 7 |
| | 12000 | രാധാ . കെ , കാട്ടിൽ പറമ്പിൽ വാർഡ് - 12 |
| | 12000 | ശാന്തമ്മ പൊടിയൻ , കിഴക്കേ പടനിലത്തി വാർഡ് - 5 |
| | 12000 | ജയന്തി , കുറ്റിക്കാട്ട് മണ്ണിൽ , വാർഡ് - 6 |
| 16339/23-03-21 , 36000 | 12000 | ലക്ഷ്മിയമ്മ , നിന്നാണിവടക്കതിൽ വാർഡ് - 15 |
| | 12000 | മഞ്ജു , ശ്രീനിലയം വാർഡ് - 5 |

മേൽ ഗുണഭോക്താക്കൾ നിലവിൽ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം - 12 ന് വി . ഇ . ഒ . ലഭ്യമാക്കിയ മറുപടിയിൽ ,ടി പ്രോജക്ട് 2021-22 ൽ സ്പിൽ ഓവറായി നടത്തുന്നുണ്ടെന്ന് അറിയിച്ചു. ടി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയത് സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 192000/- രൂപ താല്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു

## 1-23 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് -ഉപയോഗത്തിലില്ലാത്ത വിളക്കുകളും ഡിമാന്റിൽ ഉൾപ്പെടുന്നു

കെ.എസ്.ഇ.ബി യുടെ താരിഫിന്റെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് പ്രതിമാസം 2,01,284/- രൂപയാണ് തനതു ഫണ്ടിൽ നിന്നും അടയ്ക്കുന്നത് . വെണ്മണി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമാക്കിയ താരിഫ് പ്രകാരം സാധാരണ ബൾബുകളും തെരുവു വിളക്കുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അടുത്ത സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകൾക്കായി സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ല . നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്കായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുന്നത് തനതു ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാം .

വിവിധ കാലങ്ങളിൽ തെരുവു വിളക്കുകൾക്ക് സി.എഫ്.എൽ സ്ഥാപിയ്ക്കുക എന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുള്ള സി.എഫ്.എൽ വിളക്കുകളുടെ നിരക്ക് കണക്കാക്കിയിരുന്നുവെങ്കിൽ വളരെ കുറഞ്ഞ തുക മാത്രമേ വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുമായിരുന്നുള്ളൂ . വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിധോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തനത്തിൽ ഉള്ള വിളക്കുകൾക്കു മാത്രം വൈദ്യുതി ചാർജ് അടയ്ക്കുവാനും തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ് കുറയ്ക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 ജെം വഴി സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല .

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2019-20 , 2020-21 വർഷങ്ങളിലായി ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല . സ.ഉ ( പി ) നം 07/19/SDP/ 26-04-19 പ്രകാരം 25000

രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് GEM നിർബന്ധമാക്കിയിട്ടുണ്ട് . ആഹാര പദാർത്ഥങ്ങൾ , ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ എന്നിവ GEM മുഖേന വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് . സ . ഉ . ( പി ) നം . 07/19/എസ്. ഡി . പി . /26.04.2019 പ്രകാരം സ്റ്റേഷനറി വകുപ്പ് , ഫയർ ആന്റ് റെസ്ക്യൂ സർവീസസ് , കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി മുതലായ സ്ഥാപനങ്ങളെയും ഒഴിവാക്കിയിട്ടുണ്ട് . വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കേണ്ടതാണ് .

1-25 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ വാർഡുകളിൽ നടപ്പാക്കുന്നതിനായി വാർഡ് മെമ്പർ ചെയർമാനും വാർഡിന്റെ ചുമതലയുള്ള ജെ.എച്ച്.ഐ/ ജെ.പി.എച്ച്.എൻ കൺവീനറുമായി ഒരു വാർഡു തല സാനിട്ടേഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് . 2020-21ൽ ഗ്രാമ പഞ്ചായത്തിൽ ശുചീകരണ പ്രവർത്തികൾക്കായി ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 31.03.2021 ൽ ഓരോ വാർഡു തല സാനിട്ടേഷൻ കമ്മിറ്റികളുടെയും പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നല്കിയ 1,50,000/- രൂപയിൽ 44,000/- രൂപ ഇതുവരെയും ചെലവഴിച്ചിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു .

| വാർഡ് നമ്പർ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| II | 67040304844 | 10000 |
| VI | 67040300599 | 10000 |
| IX | 67040301231 | 10000 |
| XI | 67040302484 | 4000 |
| XIII | 67040302698 | 10000 |

പകർച്ച വ്യാധികൾ പടർന്നു പിടിയ്ക്കുന്ന ഇക്കാലയളവിൽ തുക അക്കൗണ്ടിൽ ലഭിച്ച് മാസങ്ങളായിട്ടും അത് വിനിയോഗിച്ച് ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടില്ല എന്നത് ഉചിതമായ നടപടിയല്ല . വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

1-26 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ് . (പദ്ധതി മാർഗ്ഗരേഖ സ . ഉ . ( കൈ ) നം . 11/2018/ത . സ്വ . ഭ . വ ./29-01-2018 ) മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ് . വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ് . എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല . ഈ അപാകതക്ക് വിശദീകരണം നല്കേണ്ടതാണ് .

1-27 ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

ഗവ.ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് "ഔഷധി" യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 135/20-21 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. മെഡിക്കൽ ഓഫീസർ | 492000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 50000 (വികസനഫണ്ട്-ജനറൽ | 01/2020-21 തീ.05.02.21 02/2020-21 തീ.05.02.21 | 510000 | 32000 |
| 136/20-21 | വ്യദ്ധജന സൌഹൃദ ക്ലിനിക്ക്. പ്രത്യേക ഒ.പി. | 200000 (വികസനഫണ്ട്, ജനറൽ) | 04/2020-21 തീ.19.03.21 | 179996 | 20004 |
| 03/20-21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്നുവാങ്ങൾ | 100000 (വികസനഫണ്ട്, ജനറൽ) | 03/2020-21 തീ.05.02.21 | 90366 | 9634 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവരുന്നത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 അഗതി രഹിത കേരളം പദ്ധതി

വെണ്മണി ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് മുഖേന നടത്തപ്പെടുന്ന അഗതി ആശ്രയ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 45 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 63 ഗുണഭോക്താക്കളുമായി ആകെ 108 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. പിന്നീട് ഈ പദ്ധതി അഗതി രഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 98 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ അനുഭവിയ്ക്കുന്നു .

1. <u>പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു .</u>

| ഘട്ടം | ഫണ്ട് | വകയിരുത്തൽ | ചെലവഴിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഒന്ന് | ചലഞ്ച് ഫണ്ട് | **1500000** | **573060** | **926940** |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 | 750000 | 250000 |
| രണ്ട് | വികസന ഫണ്ട് | 90000 | - | 90000 |
| | ചലഞ്ച് ഫണ്ട് | 650562 | 412961 | 237601 |
| | പലിശ | - | - | 451486 |
| ആകെ | | | | **1956027** |
| അഗതി രഹിത കേരളം | **<u>2019-20</u>** ചലഞ്ച് ഫണ്ട് | - | 827576(ഒന്നും രണ്ടും ഘട്ടങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും ചെലവഴിച്ചത് ) | 336965 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | - | | 250000 |
| | വികസന ഫണ്ട് | - | | 90000 |
| | പലിശ | - | | 501660 |
| | ആകെ | | | **1178625** |
| | **<u>2020-21</u>** വികസന ഫണ്ട് | 200000 | - | 290000 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | - | - | 250000 |
| | ചലഞ്ച് ഫണ്ട് | 900725 | 765089 | 472601 |
| | പലിശ | | | 537329 |
| | ആകെ | | | **1549930** |

**<u>2. ഭവന നിർമ്മാണത്തിനായി ലഭിച്ച തുക നിക്ഷേപമായി തുടരുന്നു</u>**

2010 ൽ ഭവന നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1000000/- രൂപയിൽ 250000 രൂപയും രണ്ടാം ഘട്ടത്തിൽ വികസന ഫണ്ട് വിഹിതമായി അനുവദിച്ച 90000/- രൂപയും നിലവിലും സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു . ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല . പദ്ധതി രൂപീകരണ വേളയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഈ തുക വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

**3. <u>ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം</u>**

ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനു വേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ് . എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2020-21 ൽ ൽ ഗുണഭോക്താക്കൾക്ക് കൗൺസിലിംഗ് നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

**4.വിലയിരുത്തൽ സമതിയുടെ പ്രവർത്തനം**

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മറ്റി ചെയർപെഴ്സൺ,സെക്രട്ടറി,സി.ഡി.എസ്സ് ചെയർപെഴ്സൺ ,മെമ്പർ സെക്രട്ടറി,മെഡിക്കൽ ഓഫീസർ,അംഗൻവാടി സൂപ്പർവൈസർ,സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം,ഈരംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമതി ആശ്രയപ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് എന്ന് നിബന്ധനയുണ്ട് . എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2020-21കാലയളവിൽ ഒരു തവണ മാത്രമാണ് വിലയിരുത്തൽ സമിതിയുടെ യോഗം നടത്തിയിട്ടുള്ളത് . പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ ഇതുവരേയും യോഗം വിളുച്ചു കൂട്ടിയിട്ടില്ല . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

1-29 ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് "ഹോംകോ"യ്ക്ക് മുൻകൂറായി 300000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 126/20-21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. | 300000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 01/2020-21 തീ.20.01.21 | 00 | 300000 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ലഭ്യമാക്കേണ്ടതാണ്.

1-30 ലൈബ്രറി സെസ്സ്-പഞ്ചായത്തിന് വലിയ ബാധ്യത

2020-21 വാർഷിക കണക്ക് ബി-9 ഷെഡ്യൂൾ പ്രകാരം 2,93,854/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു .2019-20 രണ്ടാം അർദ്ധ വർഷം , 2020-21 ലെ രണ്ട് അർദ്ധ വർഷങ്ങളിലുമായി പിരിച്ച തുക അടച്ചിട്ടില്ല . സർക്കുലർ നമ്പർ 17283/1.3/തസ്വഭവ.തീ.29.12.2000പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി സെസ്സായി പിരിച്ച തുക അടയ്ക്കേണതാണ് .

കുടിശ്ശിക തുക അടിയന്തിരമായി അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

1-31 ലൈഫ് പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി . ഇ .ഒ . ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു

1 ) ഗുണഭോക്താക്കളുടെ എണ്ണം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2020 -21 | 12 | 10 | - | - | - | 1 |

2 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2020 - 21 | 3240000 | - | - | 3000000 | 1600000 | 7840000 |

ലൈഫ് ഭവന പദ്ധതി പ്രകാരം തൻവർഷം കരാർവച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു .

| കരാർ വച്ച സാമ്പത്തിക വർഷം | ഗുണഭോക്താവിന്റെ വിശദാംശം | | |
|---|---|---|---|
| | പേര് | വാർഡ് | കൈപ്പറ്റിയ തുക |
| 20-21 | സുജിത്ത് ബാബു , ചാങ്ങത്ത് മുട്ടത്ത് വടക്കേതിൽ | 05 | 360000 |
| 20-21 | ഗോപാലകൃഷ്ണൻ , വാഴയിൽ വടക്കേതിൽ ( | 04 | 360000 |

| | | | |
|---|---|---|---|
| | എസ് . സി . ) | | |
| 20-21 | അനിരുദ്ധൻ , ഉത്രാടം , ( എസ് . സി . ) | | 360000 |
| 20-21 | ഗോപാലകൃഷ്ണൻ . കെ .കെ , കല്ലുപറമ്പിൽ തെക്കേതിൽ ( എസ് . സി . ) | 02 | 200000 |
| 20-21 | രാജമ്മ കെ .കെ ., ചിറമുകടിയിൽ സന്തോഷ് ഭവനം ( എസ് . സി . ) | 05 | 200000 |
| 20-21 | സുധ . എം .കെ . , തേവാനമോടിയിൽ ( എസ് . സി . ) | 11 | 200000 |
| 20-21 | വസന്ത മോഹൻ , തെങ്ങിഴേത്ത് വടക്കേതിൽ ( എസ് . സി . ) | 12 | 360000 |
| 20-21 | വിനോദ്.കെ.കെ വിനോദ് ഭവനം ( എസ് . സി . ) | 13 | 200000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം - 12 ന് വി . ഇ . ഒ . നല്കിയ മറുപടിയിൽ സുജിത്ത് ബാബു , ചാങ്ങത്ത് മുട്ടത്ത് വടക്കേതിൽ , അനിരുദ്ധൻ , ഉത്രാടം , വസന്ത മോഹൻ , തെങ്ങിഴേത്ത് വടക്കേതിൽ എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായും ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതായും അറിയിച്ചിട്ടുണ്ട് . ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് അവസാന ഗഡു നല്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . ബാക്കിയുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

1-32 വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ-അവലോകനം

| പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ എണ്ണം | അനുവദിച്ചത് | നിരസിച്ചത് | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| കർഷകത്തൊഴിലാളിപെൻഷൻ | 05 | 05 | 00 | 284 | 4104900 |
| വികലാംഗ പെൻഷൻ | 05 | 05 | 00 | 287 | 4298300 |
| വിധവാ പെൻഷൻ | 37 | 37 | 00 | 890 | 12764500 |
| വാർദ്ധക്യകല പെൻഷൻ | 307 | 250 | 57 | 2325 | 2972900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനികൾക്കുള്ള പെൻഷൻ | 04 | 04 | 00 | 49 | 694100 |

1-33 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ-അവലോകനം

കെട്ടിടം

വെണ്മണി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 22 അങ്കണവാടികപ്രവർത്തിക്കുന്നതിൽ 9 എണ്ണം സ്വന്തം കെട്ടിടത്തിലും 12 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടക രഹിതമായും പ്രവർത്തിക്കുന്നു .

കുടിവെള്ള സൗകര്യം

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പടെ 14 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഉണ്ട് . എന്നാൽ മറ്റുള്ളിടത്ത് പരിസരത്തെ വീടുകളിൽ നിന്നാണ് വെള്ളം ശേഖരിയ്ക്കുന്നത് .

വൈദ്യുതി കണക്ഷന്

സ്വന്തമായി കെട്ടിടമുള്ളതും വാടകയ്ക്ക് പ്രവർത്തിക്കുന്നതുൾപ്പടെ 17 അങ്കണവാടികളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട് .

ടോയ് ലെറ്റ് സൗകര്യംഎല്ലാ അങ്കണവാടികളിലും ടോയ് ലെറ്റ് സൗകര്യം ലഭ്യമാണ് .

ഗ്യാസ് കണക്ഷൻ

എല്ലാ അങ്കണവാടികൾക്കും ഗ്യാസ് കണക്ഷൻ ലഭ്യമാണ് .

ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ് . സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം, നിർമ്മിക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ (എം.എസ്) 29/2012 ത.സ്വ.ഭ.വ /03.09.2010ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ് . വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

1-34 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം

ഈ നൂറ്റാണ്ടിൽ ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കോവിഡ് എന്ന മഹാമാരി. 2019 വർഷം ആരംഭിച്ച ഈ വിപത്ത് ഭൂമുഖത്ത് നിന്ന് തുട്ച്ച് നീക്കുന്നതിന് ലോക രാജ്യങ്ങൾക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. മെച്ചപ്പെട്ട പ്രതിരോധ സംവിധാനങ്ങൾ വഴി ഈ രോഗത്തെ ഭൂമുഖത്ത് നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കും . കൂട്ടായ പ്രയത്നത്തിൽ കൂടി മാത്രമേ ഇത് നേടിയെടുക്കാൻ സാധിക്കൂ.
മഹാമാരിയെ ചെറുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ് എന്ന് വിലയിരുത്തുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി യൂത്ത് വോളന്റിയർമാരെ നിയോഗിച്ചിട്ടുണ്ട്.പ്രത്യേക പരിഗണന നൽകേണ്ടവർക്ക് സുരക്ഷയും കരുതലും നൽകുന്നതിനായി ഹെൽപ് ഡെസ്കം രൂപീകരിച്ചിട്ടുണ്ട്.രോഗബാധിതർക്കും നിരീക്ഷണത്തിലുള്ളവർക്കും കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്നതിന് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അതിൽ നിന്ന് തുക ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തിൽ സി എഫ് എൽ റ്റി സി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ ഒരു കോളേജിൽ ഡി സി സി ആരംഭിച്ചിരുന്നെങ്കിലും കോളേജ് തുറക്കേണ്ടതിനാൽ കോളേജ് അധികൃതരുടെ അഭ്യർത്ഥന പ്രകാരം അതിന്റെ പ്രവർത്തനം 22.9.2021 ൽ നിർത്തി വെച്ചു. നിലവിൽ ഡി സിസിയിൽ ഉണ്ടായിരുന്ന രോഗികൾ രോഗമുക്തരായതിന് ശേഷമാണ് പ്രവർത്തനം നിർത്തിവെച്ചത്.

കോവിഡ് പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും ഈ കമ്മറ്റി പ്രതിരോധ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

1-35 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പു പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത
തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| തൻവർഷം രജിസ്ററർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 282 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2675 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1316 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1311 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 107369 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 81.9 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 477 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 282 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 302 |
| തൻവർഷം പൂർത്തിയാക്കിയത് | 246 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 44 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 20 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | | 82 | 17590795 |

| | | | |
|---|---|---|---|
| | ഭൂവികസന പ്രവർത്തനങ്ങൾ | | |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 2 | 455755 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 29 | 2145750 |
| 4 | വരൾച്ചാ നിവാരണം | 53 | 10069450 |
| 5 | റൂറൽ കണക്ടിവിറ്റി | 0 | 0 |
| 6 | മറ്റ് പ്രവൃത്തികൾ | 116 | 3510250 |

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | നെൽകൃഷി വികസനം | 200000 | ० |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 453964 | നെൽകൃഷി വികസനം | 453964 | ० |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 180700 | പച്ചക്കറി വികസനം | 180700 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 800000 | നെൽകൃഷി വികസനം | 800000 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 342399 | നെൽകൃഷി വികസനം | 342399 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 300000 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അനുപൂരക പോഷകാഹാരം | 100000 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 257000 | സ്കോളർഷിപ്പ് | 257000 | ० |
| ജില്ലാ പഞ്ചായത്ത് | 2020-21 | 198611 | സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 198611 | ० |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ എസ്.സി.കോളനികളിൽ | 05/20-21/20.04.20 | 198611(വികസന ഫണ്ട് എസ്.സി.പി) | ० | 198611* |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | | | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ എസ്.സി.കോളനികളിൽ സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 17/20-21/15.02.21 | 198611(ജില്ലാ പഞ്ചായത്ത് വിഹിതം) | ० | 198611* |

. 24.09.2021 ലാണ് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2020-21 വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക ചെലവഴിച്ചിട്ടില്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | GO(MS) NO.183/2020 LSGD Dtd.20.11.20 | 2900000 | 5744705 | 614746 | | 8029959 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 2-3 | 2007-08 | 3-22-1 | എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ വിതരണം |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79118183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74041941 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 707000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവര

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 15000 | പ്രവീൺ . റ്റി.ഡി , വി . ഇ . ഒ . |
| 1-17 | 500000 | പ്രവീൺ . റ്റി.ഡി , വി . ഇ . ഒ . |
| 1-22 | 192000 | പ്രവീൺ . റ്റി.ഡി , വി . ഇ . ഒ . |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സ്നേഹജ ഗ്ലോറി , സെക്രട്ടറി | സെക്രട്ടറി , വെൺമണി ഗ്രാമ പഞ്ചായത്ത് | വിനോദ് ഭവനം , നിരാവിൽ , പെരിനാട് പി .ഒ . , കൊല്ലം |
| പ്രവീൺ . റ്റി .ഡി , വി . ഇ . ഒ . | വി . ഇ . ഒ , വെൺമണി ഗ്രാമ പഞ്ചായത്ത് | തൊണ്ടുറതയിൽ , കോട്ടുകുളഞ്ഞി , ചെങ്ങന്നൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 To 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 & 2009-10 | LFAP5-861/12 തീയതി, 9/10/12 & 14/12/12 |
| 2010-11 & 2011-12 | LFAP5-493/13 തീയതി, 21/8/13 & 12/11/13 |
| 2012-13 & 2013-14 | LFAP5-143/2015 തീയതി, 25/03/15 & 4/6/15 |
| 2014-15 | KSA-ALP-P5-824/16 തീയതി, 10/04/2017 |
| 2015-16 | KSA-ALP-P5-28/17 തീയതി, 12/1/2017 |
| 2016-17 | KSA-ALP/P5-1376/17 തീയതി, 15/11/2017 |
| 2017-18 | KSA-ALP/P5-144/2019 തീയതി, 07/02/2019 |
| 2018-19 | KSA-ALP/P5-815/2020 തീയതി, 05/02/2021 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്